**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **30-01-2024 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭക വർഷം പദ്ധതി വഴി സർക്കാർ ലക്ഷ്യം വച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ടെന്ന് അറിയിക്കുമോ? | (എ) | സാധിച്ചിട്ടുണ്ട്. 2022-23 സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 1,39,840 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. അതുവഴി 8422 കോടി രൂപയുടെ നിക്ഷേപവും, 3,00,051 തൊഴിലവസരങ്ങളും, സൃഷ്ടിക്കാൻ സാധിച്ചു. അങ്ങനെ സംരംഭകവർഷം പദ്ധതിയിൽ ലക്ഷ്യം വച്ച നേട്ടം കൈവരിക്കാൻ സാധിച്ചു.<br><br>തുടർ പദ്ധതിയായ സംരംഭകവർഷം 2.0-യുടെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ 2024 ജനുവരി 23 വരെയുള്ള കാലയളവിൽ 76,595 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുകയും, അതുവഴി സംസ്ഥാനത്ത് 5177 കോടി രൂപയുടെ നിക്ഷേപവും 1,60,582 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. |

സെക്ഷൻ ഓഫീസർ